I ഇ.ബി. XV- കേരള നിയമസഭ/V-13

**പതിനഞ്ചാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2022 ജൂലൈ 19, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

36(*361) ഇക്കോ സെൻസിറ്റീവ് സോൺ

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2011-ൽ പ്രസിദ്ധീകരിക്കുകയും ആയതിനെ അടിസ്ഥാനമാക്കി സംസ്ഥാനങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നതായും സഭയെ അറിയിച്ചു.

വനപ്രദേശത്തിന് പുറത്തുള്ള ജനവാസമേഖലകൾ പൂർണ്ണമായും ഒഴിവാക്കി സംരക്ഷിത മേഖലയ്ക്ക് ചുറ്റും 0-12 കി.മി. വരെ ഇക്കോ സെൻസിറ്റീവ് സോണായി വിജ്ഞാപനം ചെയ്യാനുള്ള പ്രൊപ്പോസലുകൾ 2013-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും കൃഷിയിടങ്ങളും റവന്യൂ ഭൂമിയും ഒഴിവാക്കാൻ ആവശ്യപ്പെടുകയോ മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയോ ചെയ്തിരുന്നില്ല. ശ്രീ. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കിക്കൊണ്ട് പുതിയ പ്രൊപ്പോസൽ 2020-ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട അധിക വിവരം ശേഖരിച്ചുവരുന്നതായും റിപ്പോർട്ട് നൽകുന്നതിൽ മനഃപൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ലെന്നും ബഫർ സോൺ സംബന്ധിച്ച 23-10-2019-ലെ മന്ത്രിസഭാ തീരുമാനം റദ്ദാക്കുന്ന കാര്യം പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

37(*362) <u>എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ</u>

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, കേരളത്തിന്റെ സാംസ്കാരിക- പൈതൃക

സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി കിഫ്ബി ധനസഹായത്തോടെ ജില്ലാ കേന്ദ്രങ്ങളിൽ നവോത്ഥാന നായകരുടെ നാമധേയത്തിൽ ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നതായും എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങളുടെയും സജീവകേന്ദ്രമാക്കി മാറ്റാൻ ലക്ഷ്യമിടുന്ന പ്രസ്തുത സമുച്ചയങ്ങൾ മാനുഷികത, സാഹോദര്യം, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങളിലധിഷ്ഠിതമായതും വിദേശ വിനോദസഞ്ചാരികളെയടക്കം ആകർഷിക്കുവാൻ പര്യാപ്തമായ നിലയിൽ കേരളത്തിന്റെ തനത് സാംസ്കാരിക മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിനുതകുന്നതായിരിക്കുമെന്നും സഭയെ അറിയിച്ചു. ഓരോ സമുച്ചയത്തിലും നൃത്ത-സംഗീത-നാടക ശാലകൾ, ചലച്ചിത്ര പ്രദർശന ഹാളുകൾ, ഗ്രന്ഥശാലകൾ, ശില്പികൾക്കും കരകൗശല വിദഗ്ധർക്കുമുള്ള പണിപ്പുരകൾ, കലാസൃഷ്ടി പ്രദർശന ശാലകൾ, ഹ്രസ്വകാല താമസ സൗകര്യങ്ങൾ, ഓപ്പൺ എയർ ഓഡിറ്റോറിയം, ശില്പോദ്യാനം തുടങ്ങിയവ സജ്ജീകരിക്കുന്നതാണ്. സാംസ്കാരിക സമുച്ചയങ്ങളിൽ സ്ഥിരം നാടക-കലാ-സാംസ്കാരികവേദി സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. നാടക കലാകാരന്മാരുടെ പെൻഷൻ സ്കീം പരിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും കൊല്ലം ജവഹർ

ബാലഭവൻ അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക കൊടുത്തുതീർക്കാനും ഭിന്നശേഷിക്കാരായ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കാനും നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. കലാ-സാംസ്കാരിക പരിപാടിയായ 'നാട്ടരങ്ങ്' പ്രോത്സാഹിപ്പിക്കുമെന്നും തോപ്പിൽ ഭാസിയുടെ നാമധേയത്തിൽ കായംകുളത്ത് സ്ഥിരം നാടകവേദി ആരംഭിക്കുമെന്നും മഞ്ചേശ്വരത്ത് ഗോവിന്ദ പൈ സ്മാരകകേന്ദ്രമായ 'ഗിളിവിണ്ടു' സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും കാവാലം നാരായണപ്പണിക്കർക്കും നെടുമുടി വേണുവിനും സ്മാരകങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമെന്നും കോട്ടയം ജില്ലയിൽ ലളിതാംബിക അന്തർജ്ജനത്തിന്റെ പേരിലുള്ള സാംസ്കാരിക കേന്ദ്രം പൂർത്തിയാക്കുന്നതിന് അധിക തുക അനുവദിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

38(*363) <u>പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ/യൂണിവേഴ്സിറ്റി /അഡ്മിഷൻ ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസാനുകൂല്യങ്ങളും വർദ്ധിപ്പിച്ച നിരക്കിലുള്ള ലംപ്സം

ഗ്രാന്റും സ്റ്റൈപ്പന്റും അനുവദിക്കുന്നുണ്ടെന്നും വരുമാന പരിധി പരിഗണിക്കാതെ സ്കോളർഷിപ്പ് കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് നൽകാറുണ്ടെന്നും സഭയെ അറിയിച്ചു. പട്ടികജാതി വിഭാഗത്തിലുള്ള പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് മെസ്/ഹോസ്റ്റൽ ഫീസ് ഇനങ്ങളിൽ കേന്ദ്ര സർക്കാർ നൽകുന്ന തുകയ്ക്കുപുറമെ പ്രതിമാസം പരമാവധി 4500/- രൂപ വരെ ഹോസ്റ്റൽ ഫീസിനത്തിൽ സംസ്ഥാന സർക്കാർ നൽകുന്നുണ്ട്; ടി തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇ-ഗ്രാന്റിന് അപേക്ഷിക്കുമ്പോൾത്തന്നെ ഫ്രീഷിപ്പ് കാർഡ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമെന്നും പി.ജി., പി.എച്ച്.ഡി. കോഴ്സുകളിൽ വിദേശപഠന സഹായം നൽകുന്നുണ്ടെന്നും കൂടുതൽ വിദേശ കോഴ്സുകൾക്ക് ആനുകൂല്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുമെന്നും പ്രൊഫഷണൽ കോഴ്സുകളിൽ വിജയിക്കുന്നതിന് മെച്ചപ്പെട്ട പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 2021-22 വർഷം മുതൽ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ മാർഗനിർദേശങ്ങളിൽ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തുകയും പട്ടികജാതി വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് സ്കോളർഷിപ്പ് തുക നൽകുന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തതിനാൽ കേന്ദ്ര വിഹിതം

നഷ്ടപ്പെടാതിരിക്കാനായി പുതുക്കിയ രീതിയിലേക്ക് സംസ്ഥാനവും മാറിയിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിലെത്തിക്കുന്നതിനും അവരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മുൻമന്ത്രിയായിരുന്ന ചാത്തൻ മാസ്റ്ററുടെ നാമധേയത്തിൽ പൂത്തോളിൽ സ്മാരക മന്ദിരം നിർമ്മിച്ച് പോസ്റ്റ് മെട്രിക് പഠനസൗകര്യമൊരുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും പ്രവർത്തനം നിലച്ച പട്ടാമ്പി പ്രീ-മെട്രിക് ഹോസ്റ്റലിൽ പഠനസൗകര്യം ഏർപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.